# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3261** **07.11.2019-ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ; | എ) | തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പൂത്തോട്ട ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 19 ൽ ഉൾപ്പെടുത്തി 145.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ആശുപത്രി കെട്ടിടം ഇതിനോടകം പൂർത്തീകരിക്കുകയും ആശുപത്രിക്കാവശ്യമായ ഫർണിച്ചറും മറ്റുപകരണങ്ങളും ലഭ്യമാക്കി കൈമാറ്റം ചെയ്തിട്ടുമുണ്ട്. ഇതു കൂടാതെ ബഹു. എം.എൽ.എ. ശ്രീ.എം. സ്വരാജിന്റെ ആസ്തി വികസന പദ്ധതി 2017-18 ൽ ഉൾപ്പെടുത്തി 45.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ വെർട്ടിക്കൽ എക്സ്റ്റൻഷൻ ഓഫ് സി.എച്ച്.സി. പൂത്തോട്ട എന്ന പ്രവൃത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. |
| ബി) ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | ബി) | ആരോഗ്യ വകുപ്പാണ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്. ഉദയംപേരൂർ ഫിഷറീസ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ആവശ്യകത ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. |

**സെക്ഷൻ ആഫീസർ**